വടക്കേ മലബാറിലെ പിന്നോക്ക ദളിത് വിഭാഗങ്ങളുടെ ക്ഷേത്രങ്ങളിലെ ആചാര്യ സ്ഥാനീയർക്ക് ക്ഷേമനിധി

102 [420] ശ്രീ. എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ മലബാറിലെ പിന്നോക്ക ദളിത് വിഭാഗങ്ങളുടെ ക്ഷേത്രങ്ങളിലെ ആചാര്യ സ്ഥാനീയർക്ക് നിത്യജീവിതത്തിന് ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും സംഘടനകളുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർകോട് ജില്ലയിലെ ഉത്തരമലബാർ തീയ്യ സമുദായ ക്ഷേത്ര സംരക്ഷണ സമിതി എന്ന സംഘടന ഈ വിഷയം സംബന്ധിച്ച് സർക്കാരിന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(സി) ഉത്തര മലബാറിലെ കളിയാട്ടവും പെരിങ്കളിയാട്ടവും നടക്കുന്ന കാവുകളിലെ ജീവനക്കാരുടെ വിവരങ്ങൾ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇത്തരം കാവുകളും ടൂറിസം വകുപ്പുമായി യോജിച്ച്, നടപ്പിലാക്കുന്ന വികസന പദ്ധതിയിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ആചാര്യസ്ഥാനീയർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള ഒരു പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. അതുവരെ ഇവർക്ക് സാമ്പത്തിക സഹായം ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽനിന്നും ലഭ്യമാക്കാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ദേവസ്വം ജീവനക്കാരുടെ ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ച നടപടി

103 [421] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ശബരിമല സീസണിൽ ദേവസ്വം ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാരിൽ എത്രപേരെ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് സ്ക്വാഡ് വിഭാഗം പിടികൂടിയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly